LIBRARY ARCHIVES Kerala Legislative Assembly

തെന്മല ഡാമിന് സമീപമുള്ള റിസർവ് വനം

28(*58) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല ഡാമിന് സമീപമുള്ള തിരുവനന്തപുരം-ചെങ്കോട്ട റോഡരികിലെ 246.26 ഏക്കർ റിസർവ് വനം തരിശ്ശു ഭൂമിയായി മാറ്റിയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വനഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) ഉണ്ട്.

(ബി) പത്തനാപുരം താലൂക്കിലെ അസൈൻമെന്റ് LAC. No. 5/93/TLA നമ്പർ പ്രകാരം ഭാസ്കരപിള്ള എന്നയാൾക്ക് കോതിയിൽ കേസ് നിലനിന്നിരുന്നതിനാൽ പട്ടയം നൽകിയിരുന്നില്ല. ടിയാന്റെ കൈവശമുള്ള 10 സെന്റ് കുത്തക പാട്ടഭൂമിയുടെയും 15 സെന്റ് 1-1-1977- ന് മുമ്പുള്ള വനം കയ്യേറ്റ ഭൂമിയുടെയും പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന 4.05 ആർസ് (10 സെന്റ്) കയ്യേറ്റഭൂമി പതിച്ചു നൽകുവാൻ അന്തരിച്ച ഭാസ്കരപിള്ളയുടെ മകൻ ഗോപകുമാർ പുനലൂർ തഹസിൽദാറിന് അപേക്ഷ നൽകിയതിനെ തുടർന്ന് പുനലൂർ തഹസിൽദാർ 30-5-2020 ലെ ബി2-357/2020 നമ്പർ കത്ത് പ്രകാരം ടി ഭൂമി തരിശ് ഭൂമിയാണെന്ന് തെന്മല വില്ലേജിലെ സർവ്വേ നമ്പർ 2/1 ൽപ്പെട്ട 04.05 ആർസ് (10 സെന്റ്) തരിശുഭൂമി വനാതിർത്തി പങ്കിടുന്നുവെന്നും ടി ഭൂമി പതിച്ചു നൽകാൻ വനം വകുപ്പിന്റെ അഭിപ്രായം അറിയിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ തെന്മല വില്ലേജിലെ സർവ്വേ നമ്പർ 2/1 ൽപ്പെട്ട 246.62 ഏക്കർ ഭൂമി റവന്യൂ റിക്കാർഡുകൾ പ്രകാരം തരിശെന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്തിന് പ്രത്യേകം സർവ്വേ ഡിവിഷൻ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ താലൂക്ക് സർവ്വേയർ തയ്യാറാക്കി സമർപ്പിച്ച സ്കെച്ച് സംയുക്ത സർവ്വേ ടീം 8-2-2021-ൽ ബി2-357/2020 കത്ത് പ്രകാരം പുനലൂർ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. തെന്മല വില്ലേജിലെ സർവ്വേ നമ്പർ 2/1-ൽപ്പെട്ട ഭൂമി 1901 സെപ്റ്റംബർ 11-ൽ തിരുവിതാംകൂർ ദിവാൻ കൃഷ്ണസ്വാമി റാവു ആര്യങ്കാവ് റിസർവ് വനത്തിൽ ഉൾപ്പെടുത്തി നോട്ടിഫൈ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളതുമാണ്. തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1-ൽപ്പെട്ട 246.62 ഏക്കർ റിസർവ് വനഭൂമി ബി.റ്റി.ആർ.-ൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29-6-2021-ൽ എസ്.2039/2020 നമ്പരായും 13-7-2021-ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൃ.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ഉത്തരം (ബി) യിൽ പരാമർശിക്കുന്ന ഭൂമിയിൽ കയ്യേറ്റമുണ്ടാകാതിരിക്കാൻ ടി ഭൂമിയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ച് സംരക്ഷണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1-ൽപ്പെട്ട 246.62 ഏക്കർ റിസർവ് വനഭൂമി ബി.റ്റി.ആർ.-ൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29-6-2021- ൽ എസ്.2039/2020 നമ്പരായും 13-7-2021-ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൃ.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

ശബരിമല റോപ് വേ പദ്ധതി

29(*59) ഡോ. സുജിത് വിജയൻ പിള്ള:
ശ്രീ. എം. എം. മണി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന്റെ ഭാഗമായ റോപ് വേ പദ്ധതിയുടെ നടത്തിപ്പിന് വനം വകുപ്പുമായി നിലനിന്നിരുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി വകുപ്പുമന്ത്രി നടത്തിയ ചർച്ചയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) റോപ് വേ പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പിന്റെ ക്ലിയറൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി പദ്ധതി ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുത ചർച്ചയിൽ തീരുമാനമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച പരിസ്ഥിതി പഠന റിപ്പോർട്ട് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;